# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4076 — 16-05-2017 ൽ മറുപടിയ്ക്ക്

# കൊല്ലം തുറമുഖത്തുനിന്നും ലക്ഷദ്വീപിലേക്ക് യാത്രാക്കപ്പൽ സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.മുകേഷ് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം തുറമുഖത്തുനിന്നും ലക്ഷദ്വീപിലേക്കും മറ്റും യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പദ്ധതിക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ; | (എ) കൊല്ലം തുറമുഖത്തുനിന്നും ലക്ഷദ്വീപിലേക്കും മറ്റും യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പദ്ധതിക്കായി തുറമുഖ വകുപ്പ് ലക്ഷദ്വീപ് അധികൃതരുമായി ചർച്ചനടത്തിയിട്ടുണ്ട്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. |
| (ബി) യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി തുറമുഖത്ത് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തേണ്ടത് ; ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) യും (സി) യും കൊല്ലം തുറമുഖത്ത് യാത്രാക്കപ്പൽ സർവ്വീസുമായി ബന്ധപ്പെട്ട് യാത്രക്കാർക്കായി പാസഞ്ചർ ടെർമിനൽ നിർമ്മിക്കുന്നതിന്റെ നടപടികൾ പുരോഗമിക്കുകയാണ്. പാസഞ്ചർ ടെർമിനൽ ബർത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതാണ് . |
| (സി) നടപടികൾ ത്വരിതപ്പെടുത്തി യാത്രാക്കപ്പൽ സർവ്വീസ് എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ